(ഇ) വാർഡുകളുടെ പുനഃസംഘടന സംബന്ധിച്ചുള്ള കേരള പഞ്ചായത്ത്‌രാജ് ആക്ട് നിയമത്തിലെ വ്യവസ്ഥകൾ താഴെ കൊടുത്തിരിക്കുന്നു;

(1) ഓരോ പഞ്ചായത്തിന്റെയും അതിന് എത്ര സ്ഥാനങ്ങളുണ്ടോ അത്രയും നിയോജകമണ്ഡലങ്ങളായി വിഭജിക്കേണ്ടതും അപ്രകാരമുള്ള നിയോജക മണ്ഡലങ്ങളുടെ അതിർത്തികൾ നിർണ്ണയിക്കേണ്ടതുമാണ്.

(2) ഓരോ നിയോജകമണ്ഡലത്തിലെയും ജനസംഖ്യ പ്രായോഗികമാകുന്നിടത്തോളം ആ പഞ്ചായത്തു പ്രദേശത്തിലൊട്ടാകെ ഒന്നുതന്നെ ആയിരിക്കേണ്ടതാണ്.

(3) ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂപ്രദേശം നിയോജകമണ്ഡലമായി വിഭജിക്കുമ്പോൾ അങ്ങനെയുള്ള നിയോജകമണ്ഡലങ്ങളുടെ അതിരുകൾ യാതൊരു ഗ്രാമപഞ്ചായത്തിന്റെ നിയോജകമണ്ഡലത്തെയോ, ഒരു ജില്ലാ പഞ്ചായത്തിന്റെ ഭൂപ്രദേശം നിയോജകമണ്ഡലങ്ങളായി വിഭജിക്കുമ്പോൾ അങ്ങനെയുള്ള നിയോജക മണ്ഡലങ്ങളുടെ അതിരുകൾ യാതൊരു ഗ്രാമപഞ്ചായത്തിന്റെയോ ബ്ലോക്ക് പഞ്ചായത്തിന്റെയോ നിയോജകമണ്ഡലത്തെയോ ഒന്നിലധികം ഭാഗങ്ങളായി വേർതിരിക്കാത്ത വിധത്തിൽ നിശ്ചയിക്കേണ്ടതാണ്.

പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അതിർത്തികൾ നിശ്ചയിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ഡീലിമിറ്റേഷൻ കമ്മീഷൻ മേൽ സൂചിപ്പിച്ചിട്ടുള്ള കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിക്കുന്നതാണ്.

ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം

6 [*153] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. ജോസഫ് എം. പുതുശ്ശേരി:

,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജിലും സമീപ പ്രദേശങ്ങളിലും കാലാകാലങ്ങളിലുണ്ടാകുന്ന മഞ്ഞപ്പിത്ത ബാധയ്ക്ക് ആശുപത്രിയിലെ ബയോമെഡിക്കൽ വേസ്റ്റ് കാരണമാകുന്നുണ്ടോ;

(ബി) ഇത്തരം വേസ്റ്റുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഭാവിയിൽ ഇത്തരത്തിലുള്ള രോഗബാധകൾ ഉണ്ടാകാതിരിക്കുന്നതിനായി ഒരു സ്ഥിരം സംവിധാനം സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) ഇല്ല.

(ബി) ബയോ മെഡിക്കൽ വേസ്റ്റുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ആവശ്യമായ ഇൻസിനറേറ്ററുകൾ പ്രവർത്തിപ്പിച്ചുവരുന്നുണ്ട്.

(സി) ഭാവിയിൽ ഇത്തരത്തിലുള്ള രോഗബാധകൾ ഉണ്ടാകാതിരിക്കുന്നതിനായി ഒരു സമഗ്രം സംവിധാനമെന്ന നിലയിൽ 426 ലക്ഷം രൂപയുടെ ഒരു സമഗ്ര ദ്രവമാലിന്യ നിർമാർജ്ജന പദ്ധതി പരിഗണനയിലുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്

7 [*154] ശ്രീ. സി. മോയിൻകുട്ടി :

,, യു. സി. രാമൻ :

,, പി. കെ. കെ. ബാവ :

,, കെ. എൻ. എ. ഖാദർ :

,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എത്ര ശതമാനം വർദ്ധനവ് വരുത്താനാണ് ഉദ്ദേശിക്കുന്നത് ;

(സി) എന്നു മുതൽ ഇത് പ്രാബല്യത്തിൽ വരും എന്ന് അറിയിക്കാമോ ;

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ടുന്ന ധനസഹായങ്ങൾ, ലംപ്സം ഗ്രാന്റ് മുതലായവ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) ഉണ്ട്.

(ബി)യും (സി)യും ഇക്കാര്യം തീരുമാനിച്ചിട്ടില്ല.

(ഡി) കുടിശ്ശിക വന്നിട്ടുണ്ട്. കുടിശ്ശിക തീർത്ത് നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly